**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1426** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>അച്ചടക്ക നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2011 മുതൽ 16 വരെയുള്ള സർക്കാരിന്റെ കാലത്ത് ഡോ. ബി. അശോക് ഐ.എ.എസ്- നെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇല്ല.

**(ബി)** ഡോ. ബി. അശോക് ഐ.എ.എസ്-ന് എതിരെ നാളിതുവരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടികളും അതിന്റെ കാരണങ്ങളും വ്യക്തമാക്കാമോ; ഓരോ അച്ചടക്ക നടപടിയും എപ്രകാരമാണ് തീർപ്പാക്കിയതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു.

**(സി)** നിലവിലുള്ള അടച്ചടക്ക നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** വിശദാംശം അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം-1

| ക്രമ നമ്പർ | അച്ചടക്ക നടപടി ആരംഭിക്കാനുള്ള കാരണം | തീർപ്പാക്കിയിട്ടുണ്ടോ | തീർപ്പാക്കിയ വിധം |
|---|---|---|---|
| 1. | കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയുടെ വൈസ് ചാൻസലറായി പ്രവർത്തിച്ചിരുന്ന കാലയളവിൽ തന്റെ നിയമനത്തിന്റെ സേവന വ്യവസ്ഥകളും നിബന്ധനകളും നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് അന്നത്തെ ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് അയച്ച കത്തിൽ ഉദ്യോഗസ്ഥരെ അത്യന്തം ആക്ഷേപിച്ചതിനും കൂടാതെ അധിക ചുമതല (additional charge) വഹിക്കുന്ന IAS ഉദ്യോഗസ്ഥരെ അവർക്ക് ഏൽപ്പിക്കപ്പെട്ട അധിക ഉത്തരവാദിത്വങ്ങൾ വിജയകരമായി നിർവഹിക്കുന്നതിനുള്ള അവരുടെ കഴിവിനെ ചോദ്യം ചെയ്തത് പ്രമുഖ മലയാള ദിനപത്രത്തിൽ ലേഖനം പ്രസിദ്ധീകരിച്ചതിനും അതുവഴി സർക്കാർ തീരുമാനത്തെ വിമർശിച്ചതിനും ആരംഭിച്ച അച്ചടക്ക നടപടി | ഉണ്ട്. | ഡോ. ബി അശോക് ഐ.എ.എസ് താരതമ്യേന ജൂനിയർ ഉദ്യോഗസ്ഥനായിരിക്കുകയും, നിരവധി വർഷത്തെ സേവനം ബാക്കിയുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ, ഈ വിഷയത്തിൽ ഉദാരമായ നിലപാട് സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചതിനാൽ, ഉദ്യോഗസ്ഥനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, ഭാവിയിൽ ആവശ്യമായ ജാഗ്രതയും അവധാനതയും പുലർത്തണമെന്ന കർശന മുന്നറിയിപ്പ് നൽകി 25.05.2012 –ലെ ജി.ഒ (ആർ റ്റി) നം 4297/2012/ജി.എ.ഡി പ്രകാരം തീർപ്പാക്കുകയുണ്ടായി. |
| 2 | കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയുടെ വൈസ് ചാൻസലറായി പ്രവർത്തിച്ചിരുന്ന കാലയളവിൽ അന്നത്തെ ചീഫ് സെക്രട്ടറിയും കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയുടെ മുൻ വൈസ് ചാൻസലറുമായിരുന്ന കെ. ജയകുമാറിനെതിരെ തെറ്റായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ചാൻസലർക്ക് റിപ്പോർട്ട് സമർപ്പിച്ചതിന് ആരംഭിച്ച അച്ചടക്ക നടപടി | ഉണ്ട് | 31.03.2016 ലെ ജി. ഒ (ആർ.റ്റി) നം.2170/2016/ ജി.എ.ഡി ഉത്തരവു പ്രകാരം ഡോ. ബി. അശോക് ഐ.എ.എസ്-നെതിരെ ആരംഭിച്ച അച്ചടക്ക നടപടി പിൻവലിക്കുകയും, അദ്ദേഹത്തിനെതിരെ ഉന്നയിച്ച എല്ലാ ആരോപണങ്ങളിൽ നിന്നും പൂർണമായും കുറ്റവിമുക്തനാക്കുകയും ചെയ്തു. |
| 3. | രാഷ്ട്രീയ പാർട്ടികൾക്കും രാഷ്ട്രീയ നേതാക്കൾക്കും എതിരെ കപടവും അപകീർത്തികരവുമായ പരാമർശങ്ങൾ നടത്തുകയും, അവരുടെ നേതാക്കളെയും സർക്കാരിന്റെ തലവന്മാരെയും പരിഹാസത്തിനും അവഹേളനത്തിനു വിധേയരാക്കി ഒരു പ്രമുഖ മലയാള ദിനപത്രത്തിൽ ലേഖനം പ്രസിദ്ധീകരിച്ചതിന് ആരംഭിച്ച അച്ചടക്ക നടപടി | ഉണ്ട് | 31.03.2016 ലെ ജി. ഒ(ആർ റ്റി)നം.2171/2016/ ജി.എ.ഡി ഉത്തരവു പ്രകാരം ഡോ.ബി. അശോക് ഐ.എ.എസ്-നെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ പിൻവലിക്കുകയും, അദ്ദേഹത്തിനെതിരെ ഉന്നയിച്ച എല്ലാ ആരോപണങ്ങളിൽ നിന്നും പൂർണമായും കുറ്റവിമുക്തനാക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| 4. | സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനവുമായി ബന്ധപ്പെട്ടുള്ള ആരോഗ്യ വകുപ്പ് മന്ത്രിയുടെ അഭിപ്രായങ്ങളെയും സർക്കാർ നയങ്ങളെയും വിമർശിച്ച് മലയാള മനോരമ ദിനപത്രത്തിൽ "മുഖദാവിൽ ഉയർത്തുന്ന ചോദ്യങ്ങൾ" എന്ന തലക്കെട്ടിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചതിന് ആരംഭിച്ച അച്ചടക്ക നടപടി. | ഉണ്ട് | ഡോ. ബി അശോക് ഐ.എ.എസ് താരതമ്യേന ജൂനിയർ ഉദ്യോഗസ്ഥനാണെന്നതും നിരവധി വർഷത്തെ സേവനം ബാക്കിയുള്ളത് പരിഗണിച്ചും, ഈ വിഷയത്തിൽ ഉദാരമായ നിലപാട് സ്വീകരിച്ച് അദ്ദേഹത്തിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, ഭാവിയിൽ വ്യക്തിപരമായ അഭിപ്രായങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് മുന്നറിയിപ്പ് നൽകിക്കൊണ്ട് 23.05.2019 ലെ ജി. ഒ (ആർ.റ്റി) നം 2901/2019/ജി.എ.ഡി പ്രകാരം തീർപ്പാക്കുകയുണ്ടായി. |
| 5. | കേര (KERA) പദ്ധതിയുമായി ബന്ധപ്പെട്ട ഇമെയിൽ ചോർത്തിയെന്നുവെന്ന ആരോപണത്തിൻമേൽ നടത്തിയ പ്രാഥമിക അന്വേഷണത്തിലെ ശിപാർശ പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി | ഇല്ല. | ബാധകമല്ല. |
| 6. | നിയമസഭ പാസാക്കിയ ഒരു ബില്ലിന്റെ സാധുതയെയും വിശ്വാസ്യതയെയും ഉദ്യോഗസ്ഥൻ ചോദ്യം ചെയ്തതായുള്ള നിയമ സെക്രട്ടറിയുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടി. | ” | ” |
| 7. | 'മലയാള മനോരമ'യിൽ 23.10.2025-ൽ പ്രസിദ്ധീകരിച്ച 'കള പറിച്ചാൽ കളം നിറയും' എന്ന ലേഖനത്തിലൂടെ സർക്കാരിനെ വിമർശിച്ചതിന് ആരംഭിച്ച അച്ചടക്ക നടപടി | ” | ” |
| 8. | റൂൾസ് ഓഫ് ബിസിനസിലെയും (Rules of Business) സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിലെയും നിർദ്ദേശങ്ങൾ പാലിക്കാതെ കൃഷി വകുപ്പിലെ ഒരു ജീവനക്കാരിയ്ക്ക് ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ചു നൽകിയതിന് ആരംഭിച്ച അച്ചടക്ക നടപടി | ” | ” |
| 9. | അച്ചടി, ദൃശ്യ, സാമൂഹിക മാധ്യമങ്ങളിലൂടെ സർക്കാരിനെയും സർക്കാർ നയങ്ങളെയും വിമർശിച്ചതിന് ആരംഭിച്ച അച്ചടക്ക നടപടി | ” | ” |

**അനുബന്ധം 2**

ഡോ. ബി. അശോക് IAS-നെതിരെയുള്ള നിലവിലെ അച്ചടക്ക നടപടികൾ

| ക്രമ നം. | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|
| 1. | കേര (KERA) പദ്ധതിയുമായി ബന്ധപ്പെട്ട ഇമെയിൽ ചോർത്തിയെന്നുവെന്ന ആരോപണം - പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടി | **All India Services (Discipline and Appeal) Rules, 1969** പ്രകാരം ആർട്ടിക്കിൾ ഓഫ് ചാർജസ് (Article of Charges) നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2. | നിയമസഭ പാസാക്കിയ ഒരു ബില്ലിന്റെ സാധുതയെയും വിശ്വാസ്യതയെയും ഉദ്യോഗസ്ഥൻ ചോദ്യം ചെയ്തതായുള്ള നിയമ സെക്രട്ടറിയുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടി. | **All India Services (Discipline and Appeal) Rules, 1969** പ്രകാരം 04.05.2026-ൽ ആർട്ടിക്കിൾ ഓഫ് ചാർജസ് (Article of Charges) നൽകിയിട്ടുണ്ട്. രേഖാമൂലമുള്ള സ്റ്റേറ്റ്മെന്റ് ഓഫ് ഡിഫൻസ് (Written Statement of Defence) പ്രതീക്ഷിക്കുന്നു. |
| 3. | 'മലയാള മനോരമ'യിൽ 23.10.2025-ൽ പ്രസിദ്ധീകരിച്ച 'കള പറിച്ചാൽ കളം നിറയും' എന്ന ലേഖനത്തിലൂടെ സർക്കാരിനെ വിമർശിച്ചതിന് ആരംഭിച്ച അച്ചടക്ക നടപടി | **All India Services (Discipline and Appeal) Rules, 1969** പ്രകാരം ആർട്ടിക്കിൾ ഓഫ് ചാർജസ് (Article of Charges) 16.02.2026 -ൽ നൽകിയിരുന്നു. രേഖാമൂലമുള്ള സ്റ്റേറ്റ്മെന്റ് ഓഫ് ഡിഫൻസ് (Written Statement of Defence) സമർപ്പിക്കാനുള്ള സമയം 02.05.2026 മുതൽ 30 ദിവസത്തേക്ക് നീട്ടിനൽകി. രേഖാമൂലമുള്ള സ്റ്റേറ്റ്മെന്റ് ഓഫ് ഡിഫൻസ് (Written Statement of Defence) പ്രതീക്ഷിക്കുന്നു. |
| 4. | റൂൾസ് ഓഫ് ബിസിനസിലെയും (Rules of Business) സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിലെയും നിർദ്ദേശങ്ങൾ പാലിക്കാതെ കൃഷി വകുപ്പിലെ ഒരു ജീവനക്കാരിയ്ക്ക് ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ചു നൽകിയതിന് ആരംഭിച്ച അച്ചടക്ക നടപടി | **All India Services (Discipline and Appeal) Rules, 1969** പ്രകാരം ആർട്ടിക്കിൾ ഓഫ് ചാർജസ് (Article of Charges) നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| 5. | അച്ചടി, ദൃശ്യ, സാമൂഹിക മാധ്യമങ്ങളിലൂടെ സർക്കാരിനെയും സർക്കാർ നയങ്ങളെയും വിമർശിച്ചതിന് ആരംഭിച്ച അച്ചടക്ക നടപടി | **All India Services (Discipline and Appeal) Rules, 1969** പ്രകാരം 02.05.2026-ൽ ആർട്ടിക്കിൾ ഓഫ് ചാർജസ് (Article of Charges) നൽകിയിരുന്നു. രേഖാമൂലമുള്ള സ്റ്റേറ്റ്മെന്റ് ഓഫ് ഡിഫൻസ് (Written Statement of Defence) പ്രതീക്ഷിക്കുന്നു. |